ഫെബ്രുവരി 6–12

പാഠം 7

# അശ്ശൂര്യരുടെ പരാജയം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 36:1; 36:2–20; 36:21; 37:20; 37:21–38; 38; 39.**

**മനഃപാഠവാക്യം: "യിസ്രായേലിന്റെ ദൈവമായി കെരൂബുകളുടെ മീതെ അധിവസിക്കുന്നവനായ സൈന്യങ്ങളുടെ യഹോവേ; നീ ഒരുത്തൻ മാത്രം ഭൂമിയിലെ സർവരാജ്യങ്ങൾക്കും ദൈവമാകുന്നു; നീ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കി" (യെശ. 37:16).**

ഒരു മെലിഞ്ഞ മനുഷ്യൻ നഗ്നപാദനായി തന്റെ രണ്ട് ആൺമക്കളോടൊപ്പം നടക്കുന്നു. വേറൊരു കുടുംബം അവരുടെ സാധനങ്ങളെല്ലാം മെലിഞ്ഞ കാളകൾ വലിക്കുന്ന ഒരു കാളവണ്ടിയിലേക്കു കയറ്റി. ഒരു മനുഷ്യൻ കാളകളെ തെളിക്കുമ്പോൾ രണ്ടു സ്ത്രീകൾ വണ്ടിയിലിരിക്കുന്നു. ചില ആളുകൾക്കു വണ്ടികളില്ല, അതിനാൽ അവർ അവരുടെ സാധനങ്ങൾ ചുമലിലേറ്റുന്നു.

"എല്ലായിടവും സൈനീകരാണ്. ഒരു ശക്തനായ ആട്ടുകൊറ്റൻ നഗരവാതിലിലേക്ക് ഇടിച്ചുകയറുന്നു. ആട്ടുകൊറ്റനു പുറത്തുള്ള അമ്പെയ്ത്തുകാർ മതിലിനു മുകളിലുള്ള കാവൽക്കാരെ അമ്പെയ്യുന്നു. തിരക്കുപിടിച്ച കൂട്ടക്കൊല എല്ലായിടത്തും നടമാടുന്നു."

"വേഗത്തിൽ മുമ്പോട്ടു പോകൂ. ബന്ദികളും കൊള്ളമുതലും സ്വീകരിച്ചുകൊണ്ട് ഒരു രാജാവ് തന്റെ സിംഹാസനത്തിൽ പ്രൗഢിയോടെ ഇരിക്കുന്നു. ചില ബന്ദികൾ കൈകൾ ഉയർത്തിക്കൊണ്ട് അവനെ സമീപിക്കുന്നു, കരുണയ്ക്കായി യാചിച്ചുകൊണ്ട്. മറ്റുള്ളവർ പതുങ്ങിപ്പതുങ്ങിയും മുട്ടുകുത്തിയുമിരിക്കുന്നു. രാജാവുമായുള്ള ഈ രംഗങ്ങളുടെ വർണ്ണന ആരംഭിക്കുന്നത് ഈ വാക്കുകളിലാണ്: അശ്ശൂർ രാജാവും ലോകരാജാവുമായ സൻഹേരിബ്" തുടർന്ന് "ഒരു സിംഹാസനത്തിൽ ഇരിക്കയും ലാഖീശ് നഗരത്തിലെ കൊള്ളയുടെ കാഴ്ച അവന്റെ മുമ്പിലൂടെ കടന്നുപോകയും ചെയ്തു" എന്നതു പോലുള്ള ആശയ പ്രകടനങ്ങളും - John Malcolm Russel, The writing on the wall (Winona Lake, Indiana: Eisen brauns, 1999), pp. 137,138. സൻഹേരീബിന്റെ "എതിരാളി ഇല്ലാത്ത കൊട്ടാരത്തിന്റെ ചുമരുകളെ അലങ്കരിച്ച ഈ ചിത്ര പരമ്പര ഇപ്പോൾ ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിലാണ്, ദൈവത്തിന്റെ ജനങ്ങൾ എന്ന് അവകാശപ്പെടുന്നവരുടെ അവസ്ഥയെക്കുറിച്ച് അവർക്ക് എത്ര വലിയ കഥയാണു പറയാനുള്ളത്."

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഫെബ്രുവരി 13 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## രഹസ്യനിയന്ത്രണ വ്യവസ്ഥകളോടെ (യെശ. 36:1)

**യെഹൂദയ്ക്ക് എന്ത് സംഭവിച്ചു? (2 രാജാ. 18:13; 2 ദിന. 32:1; യെശ. 36:1)**

വിശ്വാസമില്ലാതിരുന്ന ആഹാബ് മരിക്കയും വിശ്വസ്തനായ അവന്റെ മകൻ ഹിസ്കീയാവ് അടുത്ത അവകാശിയായി വരികയും ചെയ്തപ്പോൾ, പൂർണ്ണ സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു രാജ്യത്തെയാണ് ഹിസ്കീയാവ് അവകാശമാക്കിയത്. സിറിയയുടെയും വടക്കൻ യിസ്രായേലിന്റെയും സഖ്യത്തിനെതിരെ അശ്ശൂരിന്റെ സഹായം വാങ്ങിയതുകൊണ്ട്, അശ്ശൂരിന് കപ്പത്തിന്റെ രൂപത്തിൽ “സംരക്ഷണ പണം” കൊടുക്കാൻ യെഹൂദ നിർബന്ധിതമായി (2 ദിന. 28;16–21 കാണുക). അശ്ശൂർ രാജാവായ സർഗ്ഗോൻ II വിദൂരത്തുള്ള ഒരു യുദ്ധക്കളത്തിൽ മരിച്ചപ്പോൾ 705 ബി.സി.യിൽ സൻഹേരീബ് രാജാവായി. അശ്ശൂർ എളുപ്പത്തിൽ ആക്രമിച്ചു കീഴടക്കാവുന്നവരായി തോന്നി. അശ്ശൂരിൽ നിന്നുള്ള തെളിവും വേദപുസ്തക വാക്യങ്ങളും വെളിവാക്കുന്നത് ഹിസ്കീയാവ് ഈ അവസരം മുതലെടുത്ത് വിപ്ലവം ഉണ്ടാക്കി എന്നാണ് (2 രാജാ. 18:7). ചെറുരാജ്യങ്ങൾക്കിടയിൽ വിരുദ്ധ ലഹളയുണ്ടാക്കുന്നതിൽ അശ്ശൂർ സംഘതലവനായിരുന്നു.

നിർഭാഗ്യവശാൽ, അശ്ശൂരിനുണ്ടായിരുന്ന തിരിച്ചുവരവിലുള്ള ശക്തി അവൻ കുറച്ചുകണ്ടു. 701 ബി.സി.യിൽ സൻഹേരീബ് അവന്റെ സാമ്രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളെ അടിച്ചമർത്തിയപ്പോൾ, നശീകരണ ശക്തിയോടെ സിറിയ-പലസ്തീൻ എന്നിവക്കെതിരെ നശീകരണ ശക്തിയോടെ ആഞ്ഞടിക്കുകയും യെഹൂദായെ തരിപ്പണമാക്കുകയും ചെയ്തു. അശ്ശൂരുമായി ഒരു ഏറ്റുമുട്ടലിന് എങ്ങനെയാണ് ഹിസ്കീയാവ് ഒരുങ്ങിയത്? (2 ദിന. 32:1–8).

സൻഹേരിബ് തലസ്ഥാന നഗരമായ യെരൂശലേം പിടിച്ചടക്കാൻ ഉദ്ദേശിക്കുന്നു എന്നു ഹിസ്കീയാവ് കണ്ടപ്പോൾ, അശ്ശൂരുമായി ഒരു ഏറ്റുമുട്ടലിനുള്ള വ്യാപകമായ തയ്യാറെടുപ്പ് അവൻ നടത്തി. അവൻ കോട്ടകൊത്തളങ്ങൾ ബലപ്പെടുത്തുകയും, സൈന്യത്തെ സജ്ജമാക്കുകയും യെരൂശലേമിലെ ജലസംവിധാനങ്ങൾക്കുള്ള സുരക്ഷ വർദ്ധിപ്പിക്കയും ചെയ്തു (2 രാജാ. 20:20; 2 ദിന. 32:30 ഉം കാണുക). ശിലോഹാം ജലതുരങ്കം, ഇതിന്റെ സ്മരണോത്സവം കൊണ്ടാടുന്നത് അത് എങ്ങനെയാണ് പണിയപ്പെട്ടത് എന്ന ലിഖിതത്തോടെയാണ്. ഇതു നിശ്ചയമായും ഹിസ്കീയാവ് ശക്തമായ ഒരു ഉപരോധത്തിനു തയ്യാറെടുക്കുന്ന കാലത്തോളം നീളുന്നു. സംഘടനാപരവും സൈനീകവുമായ നേതൃത്വം പോലെ പ്രധാനമായ ആത്മീയ നേതൃത്വവും ജനങ്ങളുടെ ആത്മവീര്യം ഉയർത്തുന്നതിനായി ഹിസ്കീയാവ് ഈ സമയത്ത് നൽകി. “എന്നാൽ ശത്രുവിനെ എതിർക്കുന്നതിനു തന്റേതായ ഭാഗം ചെയ്യണമെന്ന് യെഹൂദാ രാജാവ് നിശ്ചയിച്ചുറച്ചിരുന്നു; മാനുഷിക കഴിവും ഊർജ്ജവും കൊണ്ടു നേടിയെടുക്കാവുന്നതൊക്കെ ആയശേഷം, അവൻ സേനാവിഭാഗങ്ങളെ കൂട്ടിവരുത്തി അവരോടു ധൈര്യമായിരിക്കാൻ ആഹ്വാനം ചെയ്തു” - E.G. White, Prophets and Kings, p. 351.

ഹിസ്കീയാവ് ദൈവത്തിൽ അത്രയധികം ആശ്രയിച്ചുവെങ്കിൽ, പിന്നെ എന്തിനാണ് അവന്റെ സ്വന്തമായി വളരെയധികം ശ്രമം നടത്തിയത്? അവന്റെ പ്രവൃത്തികൾ അവന്റെ വിശ്വാസത്തെ നിഷേധാത്മകമായി ബാധിച്ചുവോ? ശരിക്കും ഫലപ്രദമായ ശക്തി നൽകുന്ന ദൈവവുമായി സഹകരിക്കുന്നതിനെക്കുറിച്ച് ഫിലിപ്പിയർ 2:12,13 ൽ കാണുക.

## പ്രചാരണം (യെശ. 36:2–20)

അശ്ശൂർ ഭരണാധികാരികൾ മൃഗീയർ മാത്രമായിരുന്നില്ല അവർ ബുദ്ധിമാന്മാരുമായിരുന്നു. അവരുടെ ലക്ഷ്യം ധനവും അധികാരവുമായിരുന്നു. നാശം മാത്രമല്ല (യെശ. 10:13,14 താരതമ്യം ചെയ്യുക): ഒരു നഗരത്തിൽ താമസിക്കുന്നവരെ പ്രേരിപ്പിച്ചു കീഴടക്കാൻ കഴിയുമെങ്കിൽ പിന്നെ എന്തിനു ബലം പ്രയോഗിച്ചു കീഴടക്കാനായി മുതൽ മുടക്കണം? അതിനാൽ, അവൻ ലാബീശിന്റെ ഉപരോധത്തിലായിരുന്നപ്പോൾ, സൻഹേരിബ് ഒരുതരം ഉന്നത ഉദ്യോഗസ്ഥനായിരുന്ന ദബ്ശാക്കേയെ പ്രചാരണത്തിലൂടെ യെരൂശലേമിനെ കീഴടക്കാനായി അയച്ചു.

**എന്തു വാദങ്ങളാണ് യെഹൂദയെ വിരട്ടുന്നതിന് രബ്ശാക്കേ ഉപയോഗിച്ചത്? (യെശ. 36:2–20; 2 രാജാ. 18:17–35; 2 ദിന. 32:9–19 ഉം കാണുക)**

രബ്ശാക്കേ ചില ശക്തമായ വാദങ്ങൾ നിരത്തി. നിങ്ങളെ സഹായിക്കുന്നതിന് നിങ്ങൾക്കു മിസ്രയീമിനെ ആശ്രയിക്കാനാവില്ല. കാരണം അവൾ ബലഹീനയും വിശ്വാസയോഗ്യയുമല്ല. നിങ്ങൾക്കു ദൈവത്തിൽ ആശ്രയിക്കാനാകില്ല കാരണം ഹിസ്കീയാവ് അവന്റെ പൂജാഗിരികളും യാഗപീഠങ്ങളും യെഹൂദയിലുടനീളം മാറ്റുകയും യെരൂശലേമിൽ ഉള്ള യാഗപീഠത്തിൽ ആരാധിക്കാൻ ജനങ്ങളോടു പറയുകയും ചെയ്തു. വാസ്തവത്തിൽ ദൈവം അശ്ശൂരിന്റെ ഭാഗത്താണ്. നിങ്ങൾക്ക് 2000 കുതിരകളെ കൈകാര്യം ചെയ്യുവാൻ ആവശ്യമായ പരിശീലനം ലഭിച്ച പുരുഷന്മാർ പോലുമില്ല.

നിങ്ങൾക്ക് ഒന്നും തിന്നാനും കുടിക്കാനുമില്ലാത്ത ഒരു ഉപരോധം ഒഴിവാക്കുന്നതിന്, ഇപ്പോൾ തന്നെ കീഴടങ്ങുക നിങ്ങളോടു നല്ല രീതിയിൽ പെരുമാറും. ഹിസ്കീയാവിന് നിങ്ങളെ രക്ഷിക്കാനാകില്ല, പിന്നെ അശ്ശൂർ കീഴടക്കിയ മറ്റു രാജ്യങ്ങളിലെ ഒരു ദേവന്മാർക്കും അവരെ രക്ഷിക്കാനാകാത്തതുകൊണ്ട്, നിങ്ങളുടെ ദൈവവും നിങ്ങളെ രക്ഷിക്കില്ലെന്നു നിങ്ങൾക്ക് ഉറപ്പിക്കാം.

രബ്ശാക്കേ സത്യമാണോ പറഞ്ഞിരുന്നത്? അവൻ പറഞ്ഞിരുന്നതിൽ വളരെയധികം സത്യം ഉണ്ടായിരുന്നതുകൊണ്ട്, അവന്റെ വാദങ്ങൾ പ്രേരിപ്പിക്കാൻ കഴിവുള്ളവയായിരുന്നു.

അശ്ശൂരിന് ഇരയായിത്തീർന്ന മറ്റു നഗരങ്ങളുടെയും സൈന്യങ്ങളുടെയും (വടക്കൻ യിസ്രായേലിന്റെ തലസ്ഥാനമായ ശമര്യ ഉൾപ്പെടെ) വിധി മനസ്സിലാക്കിയിട്ട്, യെരൂശലേം നശിച്ചു എന്ന കാര്യത്തിൽ മാനുഷീകമായ കാഴ്ചപ്പാടിൽ ഒരു മനുഷ്യനും സംശയിക്കാൻ കാരണമില്ലായിരുന്നു (യെശ. 10:8–11 താരതമ്യം ചെയ്യുക). എന്നാൽ, അവന്റെ ജനങ്ങൾക്ക് അവശേഷിച്ചിരുന്ന ഏക പ്രത്യാശയായ ദൈവത്തെ ഈ പരിഷ്കരണം വ്രണപ്പെടുത്തിയോ? അവൻ അവരെ രക്ഷിക്കുമോ, രക്ഷിക്കാനാകുമോ? ഈ ചോദ്യത്തിന് ഉത്തരം പറയേണ്ടത് ദൈവമാണ്.

**നിങ്ങൾ എപ്പോഴെങ്കിലും സമാനമായ ഒരു സാഹചര്യത്തിലായിട്ടുണ്ടോ, ഒരു മാനുഷിക കാഴ്ചപ്പാടിൽ സകലതും നഷ്ടമായെന്നു തോന്നിയപ്പോൾ നിങ്ങളുടെ ഏക അവലംബം എന്തായിരുന്നു? സന്നദ്ധമെങ്കിൽ, ആ അനുഭവം ക്ലാസ്സുമായി പങ്കുവെയ്ക്കാൻ തയ്യാറാവുക, എങ്ങനെ നിങ്ങൾ തരണം ചെയ്തു, എന്തായിരുന്നു അനന്തരഫലം?**

## ഉലഞ്ഞു എന്നാൽ വിസ്മരിക്കപ്പെട്ടില്ല (യെശ. 36:21; 37:20)

**രബ്ശേക്കെയുടെ ബുദ്ധിപരമായ വാക്ചാതുര്യം എങ്ങനെയാണ് ഹിസ്കീയാവിനെയും അവന്റെ ഉദ്യോഗസ്ഥരെയും ബാധിച്ചത്? (2 രാജാ. 18:37; 19:4; യെശ. 36:21–37:4)**

---

---

ആകെ തകർന്ന് ദുരിതത്തിൽ വിലപിച്ച് ഹിസ്കീയാവ് ദൈവത്തിലേക്ക് തിരിഞ്ഞു, താഴ്മയോടെ യെശയ്യാവിന്റെ മദ്ധ്യസ്ഥത തേടിക്കൊണ്ട്, ഏതു പ്രവാചകന്റെ ഉപദേശമാണോ അവന്റെ പിതാവ് നിരസിച്ചത് അതേ പ്രവാചകനോട്.

**എങ്ങനെയാണ് ദൈവം ഹിസ്കീയാവിനെ പ്രോത്സാഹിപ്പിച്ചത്? (യെശ. 37:5–7)**

---

---

ആ ദൂത് ചുരുക്കമായിരുന്നു, എന്നാൽ അതു മതിയാകുമായിരുന്നു. ദൈവം അവന്റെ ജനത്തിന്റെ ഭാഗത്തായിരുന്നു. യെഹൂദയുടെ മേലുള്ള അവന്റെ ആക്രമണത്തിൽനിന്ന് അവന്റെ ശ്രദ്ധ മാറ്റുന്ന ഒരു കിംവദന്തി സൻഹേരിബ് കേൾക്കുമെന്നു യെശയ്യാവ് മുൻകൂട്ടി പറഞ്ഞിരുന്നു. ഇത് ഉടൻതന്നെ നിവൃത്തിയായി.

താത്ക്കാലികമായി അസ്വസ്ഥമായി, എന്നാൽ യാതൊരുവിധത്തിലും ദീർഘനാൾ വിട്ടുകൊടുക്കാൻ തയ്യാറല്ലാതെ, സൻഹേരിബ് ഹിസ്കീയാവിന് ഒരു ഭീഷണി സന്ദേശം അയച്ചു: "യെരൂശലേം അശ്ശൂർ രാജാവിന്റെ കൈയിൽ ഏല്പിച്ചു കളകയില്ല... ദേവന്മാർ അവരെ വിടുവിച്ചിട്ടുണ്ടോ?" (യെശ. 37:10, 12; 2 ദിന. 32:17).

ഇപ്രവാശ്യം ഹിസ്കീയാവ് നേരെ ദൈവാലയത്തിൽ ചെന്ന് സൈന്യങ്ങളുടെ യഹോവയുടെ മുമ്പിൽ ദൂത് വിടർത്തിവച്ചു. "കെരൂബുകളുടെ മീതെ അധിവസിക്കുന്നവന്റെ മുമ്പിൽ" (യെശ. 37:14–16).

യെരൂശലേമിന്റെ പ്രതിസന്ധിയിൽ എന്താണ് പ്രശ്നമായിരുന്നതെന്നു ഹിസ്കീയാവിന്റെ പ്രാർത്ഥന എങ്ങനെയാണു വ്യക്തമാക്കിയത്? (യെശ. 37:15–20)

ഹിസ്കീയാവിന്റെ ഏറ്റവും ശക്തമായ പ്രതിരോധമായിരുന്ന അവന്റെ ദൈവത്തിലുള്ള വിശ്വാസത്തെ സൻഹേരിബ് നേരിട്ടുതന്നെ ആക്രമിച്ചു. അവന്റെ മുമ്പിൽ കീഴ്പ്പെടുന്നതിനു പകരം, അവൻ ആരാണെന്നു വ്യക്തമാക്കുവാൻ, ഹിസ്കീയാവ് ദൈവത്തോട് അപേക്ഷിച്ചു, "നീ ഒരുത്തൻ മാത്രം യഹോവ എന്നു ഭൂമിയിലെ സകല രാജ്യങ്ങളും അറിയേണ്ടതിന്" (യെശ. 37:20).

**ഹിസ്കീയാവിന്റെ പ്രാർത്ഥന, പ്രാർത്ഥനയോടെ വായിക്കുക (യെശ. 37:15–20) ദൈവത്തെക്കുറിച്ചുള്ള എന്തെല്ലാം ഭാവങ്ങളിലാണ് അവൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്? നമ്മുടെ സ്വന്തം വ്യക്തിപരമായ പ്രതിസന്ധികളിൽ വിശ്വസ്തരായിരിക്കുവാൻ നമുക്കു ശക്തിയും പ്രോത്സാഹനവും നൽകുന്ന എന്തു തത്വമാണ് ഈ പ്രാർത്ഥനയിൽ നാം കാണുന്നത്?**

## കഥയുടെ ശേഷഭാഗം (യെശ. 37:21–38)

സൻഹേരീബിന്റെ വൃത്താന്തപുസ്തകത്തിൽ എഴുതിയ പ്രകാരം, അവൻ 40 കോട്ടകളാൽ ശക്തമാക്കപ്പെട്ട നഗരങ്ങൾ പിടിച്ചു, യെരൂശലേമിനെ ഉപരോധിച്ചു, ഹിസ്കീയാവ് എന്ന ജൂതനെ, അവന്റെ രാജകീയ വാസസ്ഥലമായ യെരൂശലേമിൽ ഒരു തടവുകാരനാക്കി – James B. Pritchard. സൻഹേരിബിന്റെ വഴങ്ങാത്ത ശക്തി കണക്കിലെടുക്കുമ്പോഴും ഹിസ്കീയാവ് അവനെതിരെ ലഹള നയിച്ചു എന്ന വസ്തുത ചിന്തിക്കുമ്പോഴും. അശ്ശൂരിനെതിരായ വിപ്ലവകാരികൾക്കു കുറഞ്ഞ ആയുസ്സും ഭയാനകമായ മരണവുമായിരുന്നു.

വേദപുസ്തകപരമായ രേഖകളില്ലെങ്കിലും ഒരു അത്ഭുതം നടന്നിരിക്കാം എന്ന് സമ്മതിക്കാൻ നാം നിർബന്ധിതമാകും എന്നു പണ്ഡിതന്മാർ അംഗീകരിക്കുന്നു. “എതിരാളി ഇല്ലാത്ത കൊട്ടാരം” എന്ന അവന്റെ കൊട്ടാരത്തിന്റെ ഭിത്തികളിൽ അവൻ വിജയകരമായി ഉപരോധിച്ച ലഖീശിന്റെ കൊത്തുപണിയുള്ള ചിത്രങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. എന്നാൽ ദൈവകൃപ ഇല്ലായിരുന്നുവെങ്കിൽ, പകരമായി യെരൂശലേമിന്റെ ചിത്രങ്ങൾ ഇവിടെ ഉണ്ടായിരുന്നേനെ! സൻഹേരിബ് കഥയുടെ ശേഷഭാഗം പറയുന്നില്ല എന്നാൽ വേദപുസ്തകം പറയുന്നു. കഥയുടെ ശേഷഭാഗം എന്താണ്? (യെശ. 37:21–37). പൂർണ്ണവിശ്വാസത്തിലുള്ള ഹിസ്കീയാവിന്റെ പ്രാർത്ഥനക്ക് ഉത്തരമായി, ദിവ്യമായ രാജാധിരാജാവിനെ (യെശ. 37:23) അധിക്ഷേപിക്കാൻ ധൈര്യപ്പെട്ട അഹംഭാവിയായ അശ്ശൂർ രാജാവിനെതിരെ കത്തിജ്വലിക്കുന്ന ഒരു സന്ദേശം ദൈവം അവന് അയച്ചു. പിന്നീട് യെരൂശലേമിനെ സംരക്ഷിക്കാം എന്ന അവന്റെ വാഗ്ദത്തം ദൈവം കൃത്യമായി നിറവേറ്റി (2 രാജാ. 19:35–37; 2 ദിന. 32:21,22; യെശ. 37:36–38).

ഒരു വലിയ പ്രതിസന്ധിക്ക് ഒരു വലിയ അത്ഭുതം ആവശ്യമാണ്, അത് വലിയതു തന്നെ ആയിരുന്നു. ആളെണ്ണം വലിയതായിരുന്നു: 1,85,000. അതിനാൽ, മറ്റു മാർഗ്ഗങ്ങളൊന്നുമില്ലാതെ അവനു വീട്ടിൽ പോകേണ്ടി വന്നു, അവിടെ അവൻ സ്വന്തം മരണം കണ്ടെത്തി (യെശ. 37:7–38 ൽ യെശയ്യാവിന്റെ പ്രവചനം താരതമ്യം ചെയ്യുക).

“എബ്രായരുടെ ദൈവം അഹംഭാവിയായ അശ്ശൂരിന്റെ മേൽ വിജയം നേടി. യഹോവയുടെ യശസ്സ് ചുറ്റുമുള്ള രാജ്യങ്ങളുടെ കണ്ണുകളിൽ തെളിയിക്കപ്പെട്ടു. യെരൂശലേമിൽ ജനങ്ങളുടെ ഹൃദയങ്ങൾ വിശുദ്ധ സന്തോഷത്താൽ നിറയപ്പെട്ടു” – E.G. White, Prophets and Kings, p. 361.

ഇതു മാത്രമല്ല, സൻഹേരീബ് യെരൂശലേം കീഴടക്കിയിരുന്നെങ്കിൽ, യെഹൂദയ്ക്ക് അവരുടെ വ്യക്തിത്വം നഷ്ടമാകും വിധത്തിൽ അവിടുള്ള ജനങ്ങളെ നാടുകടത്തിയേനെ, വടക്കൻ യിസ്രായേലിനു സംഭവിച്ചതുപോലെ. അങ്ങനെയാകുമ്പോൾ, ഒരു കാഴ്ചപ്പാടിൽ മശീഹാ ജനിക്കേണ്ടിയിരുന്ന യെഹൂദാജനം തന്നെ ഇല്ലാതാകുമായിരുന്നു. അവരുടെ കഥ അവിടെ കഴിഞ്ഞേനെ. എന്നാൽ ദൈവം പ്രത്യാശ നിലനിർത്തി.

**വേദപുസ്തകത്തിലെ ദൈവത്തെയോ വേദപുസ്തകത്തെയോ വിശ്വസിക്കാത്ത ആരെങ്കിലും നിങ്ങളോട് ഈ ചോദ്യം ചോദിക്കുകയാണെങ്കിൽ നിങ്ങൾ എന്തു മറുപടി നൽകും?**

## രോഗത്തിലും സമ്പത്തിലും (യെശ. 38, 39).

“ഹിസ്കീയാവിന്റെ മരണവും യെരൂശലേമിന്റെ വീഴ്ചയും നടപ്പിലാക്കണം എന്ന് സാത്താൻ ഉറച്ചിരുന്നു, അവൻ കണക്കുകൂട്ടിയത്, ഹിസ്കീയാവ് വഴിമാറുകയാണെങ്കിൽ, നവോത്ഥാനത്തിനുള്ള അവന്റെ ശ്രമങ്ങൾ അവസാനിക്കയും യെരൂശലേമിന്റെ പതനം വളരെ വേഗത്തിൽ നേടിയെടുക്കുകയും ചെയ്യാം” എന്നാണ്. – The SDA Bible Commentary, Vol. 4, p. 240.

**ദൈവത്തിന്റെ ജനത്തിന് നല്ല നേതൃത്വം എത്ര പ്രധാനമാണെന്നതിനെക്കുറിച്ച് മുകളിലുള്ള ഉദ്ധരണി നമ്മോട് എന്തു പറയുന്നു?**

അവന്റെ വിശ്വാസം ഉറപ്പിക്കുന്നതിന് എന്ത് അടയാളമാണ് ദൈവം ഹിസ്കീയാവിന് നൽകുന്നത്? (2 രാജാ. 20:8–10; 38:6–8).

ദൈവം നൽകിയ അടയാളങ്ങൾ തള്ളിക്കളഞ്ഞതിലൂടെ (യെശ. 7), അശ്ശൂരുമായുള്ള പ്രശ്നത്തിലേക്കു നയിച്ച സംഭവപരമ്പരകൾ ആഹാസ് തുടങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ ഹിസ്കീയാവ് ഒരു അടയാളത്തിനായി ചോദിച്ചു (2 രാജാ. 20:8), അതിനാൽ, യെഹൂദയുടെ മേൽ അവന്റെ പിതാവ് വരുത്തിവച്ച പ്രതിസന്ധിയെ നേരിടാൻ ദൈവം അവനെ ശക്തീകരിച്ചു. നിശ്ചയമായും, ആഹാസിന്റെ സൂര്യഘടികാരത്തിൽ നിഴൽ പിന്നോട്ടു പോകുന്നത് ഒരു അത്ഭുതത്തിലൂടെ മാത്രമെ സാധ്യമാകുമായിരുന്നുള്ളൂ. ബാബിലോണിയർ ആകാശഗോളങ്ങളുടെ ചലനങ്ങൾ പഠിക്കുകയും അതു കൃത്യമായി രേഖപ്പെടുത്തുകയും ചെയ്തു. അപ്രകാരം, അവർ സൂര്യന്റെ വിചിത്രമായ പെരുമാറ്റം ശ്രദ്ധിക്കുകയും അതിന്റെ അർത്ഥം എന്തെന്ന് ആശ്ചര്യപ്പെടുകയും ചെയ്തു. മെരോദാക് ബലദാൻ രാജാവ് ഈ സമയത്ത് ദൂതന്മാരെ അയച്ചു എന്നതു യാദൃശ്ചികമല്ല. ആ അത്ഭുതകരമായ അടയാളത്തിന്റെയും ഹിസ്കീയാവിന്റെ സൗഖ്യം പ്രാപിക്കലും തമ്മിലുള്ള ബന്ധം ബാബിലോണിയർ മനസ്സിലാക്കിയിരുന്നു.

കിഴക്കുനിന്ന് വിദ്വാന്മാരെ കൊണ്ടുവരുവാൻ പിന്നീട് ബേത്‌ലഹേമിലെ നക്ഷത്രത്തെ ഉപയോഗിച്ചതുപോലെ, എന്തുകൊണ്ടാണ് ദൈവം ഈ അടയാളം തിരഞ്ഞെടുത്തതെന്ന് ഇപ്പോൾ നമുക്ക് അറിയാം. ബാബിലോണിൽനിന്ന് ദൂതന്മാരെ കൊണ്ടുവരുവാൻ അവൻ ഒരു സൂര്യസ്ഥാനചലനം ഉപയോഗിച്ചു. അവർക്കു സത്യദൈവത്തെക്കുറിച്ചു പഠിക്കുവാനുള്ള അതുല്യമായ ഒരവസരമായിരുന്നു ഇത്. മെരോദാക് ബലദാൻ തന്റെ തൊഴിൽ കാലയളവിലുടനീളം അശ്ശൂരിൽനിന്നു ശാശ്വത സ്വാതന്ത്ര്യം നേടുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവനു ശക്തരായ സഖ്യകക്ഷികളെ വേണ്ടിയിരുന്നു, ഹിസ്കീയാവിനെ ബന്ധപ്പെടുവാനുള്ള അവന്റെ പ്രചോദനം ഇത് വ്യക്തമാക്കുന്നു. ഹിസ്കീയാവിന്റെ അപേക്ഷയിൽ സൂര്യൻ തന്നെ മാറിയെങ്കിൽ, അശ്ശൂരിനോട് അവന് എന്തു ചെയ്യാനാകും?

**ബാബിലോണിയരെ അവങ്കലേക്ക് ചൂണ്ടിക്കാണിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള അവിശ്വസനീയമായ ഒരവസരം ഹീസ്കീയാവിന് എങ്ങനെ നഷ്ടമായി? എന്തായിരുന്നു ഫലം? (യെശ. 39) ദൈവത്തെക്കുറിച്ച് അവരോട് സാക്ഷീകരിക്കേണ്ടിയിരുന്ന ഹീസ്കീയാവ് അതിനു പകരം അവന്റെ സ്വന്തം “മഹത്വത്തിലേക്ക് ചൂണ്ടിക്കാണിച്ചു. നമുക്കുള്ള പാഠം എന്താണ്?**

## കൂടുതൽ പഠനം:

"ദൈവത്തിന്റെ നേരിട്ടുള്ള തടസ്സം നില്ക്കലിൽ കൂടി മാത്രമാണ് സൂര്യഘടികാരത്തിലെ നിഴൽ 10 പടി പിന്നിലേക്ക് പോകുവാൻ കാരണമായത്; ദൈവം അവന്റെ പ്രാർത്ഥന കേട്ടു എന്ന് ഹിസ്കീയാവിനുള്ള അടയാളമായിരുന്നു ഇത്. അതിൻ പ്രകാരം, "ആഹാസിന്റെ ഘടികാരത്തിൽ സൂര്യഗതി അനുസരിച്ച് ഇറങ്ങിപ്പോയിരിക്കുന്ന നിഴലിനെ ഞാൻ പത്തുപടി പിന്നോക്കം തിരിക്കുമാറാക്കും" (യെശ. 38:8-11) - E.G. White, Prophets and Kings, p. 342.

വിദൂര ദേശത്തുള്ള ഒരു ഭരണാധികാരിയിൽ നിന്നുള്ള ദൂതന്മാരുടെ സന്ദർശനം ഹിസ്കീയാവിന് വാസ്തവത്തിൽ ജീവനുള്ള ദൈവത്തെ അതിയായി പ്രശംസിക്കുവാനുള്ള ഒരു അവസരമായിരുന്നു. ദൈവത്തെക്കുറിച്ച് അവരോട് പറയുവാൻ അവന് എന്ത് എളുപ്പമായിരുന്നു, ജീവനുള്ള സകലത്തിനെയും നിലനിർത്തുന്നവൻ, മറ്റ് എല്ലാ ആശയും നശിച്ചപ്പോൾ അവന്റെ പ്രീതിയിലൂടെ സ്വന്തം ജീവൻ തിരിച്ചു കിട്ടിയവൻ.

"എന്നാൽ അഹംഭാവവും ദുരഭിമാനവും ഹിസ്കീയാവിന്റെ ഹൃദയത്തെ കീഴടക്കി, അങ്ങനെ, ആത്മപ്രശംസയിൽ ദൈവം അവന്റെ ജനത്തെ സമ്പന്നമാക്കിയ നിധികളെല്ലാം മോഹിക്കുന്ന കണ്ണുകൾക്കു മുന്നിൽ തുറന്നുകാട്ടി. ഹിസ്കീയാവ് അവരെക്കുറിച്ച് സന്തോഷിച്ചു തന്റെ ഭണ്ഡാര ഗൃഹവും പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും പരിമളതൈലവും ആയുധശാലയൊക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു. തന്റെ രാജധാനിയിലും തന്റെ ആധിപത്യത്തിൽപ്പെട്ട സകലത്തിലും ഹിസ്കീയാവ് അവരെ കാണിക്കാത്ത ഒരു വസ്തുവും ഇല്ലായിരുന്നു" (യെശയ്യാവ് 39:2). ദൈവത്തെ മഹത്വപ്പെടുത്തുവാനല്ല അവൻ ഇത് ചെയ്തത് പിന്നെയോ വിദേശ പ്രഭുക്കന്മാരുടെ മുമ്പിൽ തന്നെത്തന്നെ ഉയർത്തിക്കാട്ടുവാനാണ്.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. **എങ്ങനെയാണ് സാത്താൻ അശ്ശൂര്യനായ രബ്ശേക്കെയെ പോലെ ആകുന്നത്? നീ പാപം ചെയ്തു എന്ന് അവൻ പറയുമ്പോൾ അവൻ സത്യം പറയുകയാണോ (സെഖര്യാവ് 3:1)? ദൈവം എങ്ങനെ പ്രതികരിക്കുന്നു? (സെഖര്യാവ് 3:2-5 കാണുക) ഈ ആരോപണങ്ങൾക്കെതിരെ നമുക്കുള്ള ഏക പ്രത്യാശ എന്താണ്? (റോമർ 8:1).**
2. **നിങ്ങൾ ക്ഷമിക്കപ്പെടുമ്പോൾ സാത്താൻ ആരോപണങ്ങൾ നിർത്തുന്നുവോ? (വെളി. 12:10 കാണുക) നിങ്ങൾ ക്ഷമിക്കപ്പെട്ടതിനുശേഷം, നിങ്ങളുടെ പാപം മുഖാന്തിരം നിങ്ങൾ അവന് അവകാശപ്പെട്ടതാണെന്ന് പറഞ്ഞുകൊണ്ടേയിരിക്കുമ്പോൾ അവന്റെ ആരോപണത്തിന്റെ പ്രകൃതം എന്താണ്? (ആവർത്തനം 19:16-21 കാണുക. വ്യാജം പറയുന്നവന്റെ പ്രമാണം, പകയുള്ള സാക്ഷി).**

**സംഗ്രഹം: വിശ്വസ്തനായ ഒരു രാജാവിന്റെ നിലവിളിയോടുള്ള പ്രതികരണമായി, ദൈവം അവന്റെ ജനത്തെ രക്ഷിക്കുകയും, അവൻ ആരാണെന്ന് കാണിക്കുകയും ചെയ്തു: ഭൂമിയുടെ വിധി നിർണ്ണയിക്കുന്ന സർവ്വശക്തനായ യിസ്രായേലിന്റെ രാജാവ്; അവന്റെ ജനത്തെ നശിപ്പിക്കാൻ നോക്കുന്നവരെ നശിപ്പിക്കുക മാത്രമല്ല പിന്നെയോ അവൻ മറ്റുള്ളവർക്കായി അവസരങ്ങൾ നൽകുന്നു, അവന്റെ ജനങ്ങളായിത്തീരുവാൻ, അവർ എത്ര "ബാബിലോണിയർ" ആയിരുന്നാലും.**